**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 702** **11-06-2024 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭം മൂലം വൈദ്യുതി വകുപ്പിനുണ്ടാകുന്ന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭം മൂലം വൈദ്യുതി വകുപ്പിന് ഉണ്ടായ നഷ്ടം എത്രയാണ്; വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭം മൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണമേഖലയ്ക്ക് താഴെപ്പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. |

| പ്രകൃതിക്ഷോഭം | വിതരണ മേഖലയ്ക്ക് ഉണ്ടായ നഷ്ടം |
|---|---|
| ടൌട്ടെ ചുഴലിക്കാറ്റ് (മെയ് 2021) | 46.65 കോടി രൂപ |
| മൺസൂൺ മഴ (2021 ജൂൺ, ജൂലൈ മാസം) | 83.94 കോടി രൂപ |
| 2021 ഒക്ടോബർ നവംബർ മാസത്തിൽ ഉണ്ടായ മഴ | 34.82 കോടി രൂപ |
| 2024 ഏപ്രിൽ , മെയ് മാസങ്ങളിൽ ഉണ്ടായ വേനൽ മഴ | 70.17 കോടി രൂപ |

KSEBL ന് നഷ്ടപരിഹാരം നൽകുന്നതിനായി ടൌട്ടെ ചുഴലിക്കാറ്റ്, 2021 ജൂൺ, ജൂലൈ മാസത്തിലെ മൺസൂൺ മഴ, 2021 ഒക്ടോബർ, നവംബർ മാസത്തിൽ ഉണ്ടായ മഴ എന്നിവ മൂലം ഉണ്ടായ നഷ്ടം സംബന്ധിച്ച കണക്ക് കേരള ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് ലഭ്യമാക്കിയിരുന്നു. ദുരന്ത നിവാരണ അതോറിറ്റിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി 21.44 കോടി രൂപ, ടൌട്ടെ ചുഴലിക്കാറ്റ് മൂലമുള്ള നഷ്ടം നികത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിനു നൽകിയിട്ടുണ്ട്. 2021 ജൂൺ, ജൂലൈ മാസത്തിലെ മൺസൂൺ മഴ, 2021 ഒക്ടോബർ നവംബർ മാസത്തിൽ ഉണ്ടായ മഴ എന്നിവ മൂലമുള്ള നഷ്ടം നികത്തുന്നതിനായി 54.36 കോടി രൂപ, കെ.എസ്.ഇ.ബി.ലിമിറ്റഡ്, സർക്കാരിനു നൽകാനുള്ള തുകയിൽ ക്രമീകരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി അനുവദിക്കാൻ ദുരന്ത നിവാരണ വകുപ്പ് അംഗീകരിച്ചിരുന്നു. ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിശോധിച്ചു വരുന്നു.

എന്നാൽ 2017-18 മുതൽ 2021-22 വരെ കെ.എസ്.ഇ.ബി ലിമിറ്റഡിന് ഏകദേശം 805 കോടി രൂപയുടെ (എസ്റ്റിമേറ്റ്) ആസ്തി പ്രകൃതിക്ഷോഭം മൂലം നഷ്ടപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഈ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭം മൂലം പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ ഏകദേശം 27,00,000/- (ഇരുപത്തിയേഴ് ലക്ഷം) രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. |
| (ബി) | പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി വൈദ്യുതി വകുപ്പിന്റെ ആസ്തികൾ ഇൻഷ്വർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പൊതുമേഖല /സർക്കാർ ഇൻഷ്വറൻസ് പദ്ധതി മുഖേനയാണ് ഇൻഷ്വർ ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാബാങ്ക് തുടങ്ങിയ ബാങ്കുകളിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എടുത്തിട്ടുള്ള വായ്പകൾക്ക് ജാമ്യമായി നൽകിയിട്ടുള്ള ആസ്തികൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ് (KSID) മുഖാന്തിരം യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിലാണ് ആസ്തികൾ ഇൻഷ്വർ ചെയ്തിരിക്കുന്നത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര ക്ലെയിമുകൾ നിലവിലുണ്ടെന്നും എത്ര ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ? | (സി) | ഇതുമായി ബന്ധപ്പെട്ട് വിതരണ മേഖലയിൽ 173 ക്ലെയിമുകൾ നിലവിലുണ്ട്. 4 ക്ലെയിം തീർപ്പാക്കിയിട്ടുണ്ട്. ജില്ല തിരിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു. |

| **ജില്ല** | **നിലവിലുള്ള ക്ലെയിം** | **തീർപ്പാക്കിയ ക്ലെയിം** |
|---|---|---|
| തിരുവനന്തപുരം | 2 | nil |
| കൊല്ലം | nil | nil |
| പത്തനംതിട്ട | nil | nil |
| കോട്ടയം | 1 | 1 |
| ആലപ്പുഴ | 73 | nil |
| എറണാകുളം | 23 | nil |
| ഇടുക്കി | 2 | 2 |
| തൃശ്ശൂർ | 70 | nil |
| പാലക്കാട് | nil | nil |
| മലപ്പുറം | 1 | 1 |
| കോഴിക്കോട് | 1 | nil |
| വയനാട് | nil | nil |
| കണ്ണൂർ | nil | nil |
| കാസറഗോഡ് | nil | nil |
| **ആകെ** | **173** | **4** |

സെക്ഷൻ ഓഫീസർ